# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5842 | 28/03/2018-ൽ മറുപടിക്ക്

### ഹൃദ്യം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്കായി 'ഹൃദ്യം' എന്ന സൗജന്യ ചികിത്സാ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുകയെത്രയാണ്; പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | ബി) | ഹൃദ്യം പദ്ധതിക്കായി 16 കോടിയോളം രൂപ 2017-18 വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഇതിലേയ്ക്കായി വകയിരുത്തിയിരുന്നതിനു പുറമെ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കിരണം പദ്ധതിയിൽ നിന്നും 7 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയും ശസ്ത്രക്രിയയും ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിലേയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലെ വിദഗ്ധരായ ഡോക്ടർമാർക്കും നേഴ്സുമാർക്കും ശ്രീചിത്ര ആശുപത്രിയിൽ പരിശീലനം നൽകി. 38.50 ലക്ഷം രൂപയുടെ ഉപകരണങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിനു , വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-നു ഓർഡർ നൽകി. 5 ലക്ഷം രൂപയുടെ ഓ.റ്റി നവീകരണത്തിനുള്ള അനുമതിയും നൽകി. കൂടാതെ കോട്ടയം മെഡിക്കൽ കോളേജ്, തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.റ്റി ആശുപത്രി എന്നിവിടങ്ങളിൽ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയും ശസ്ത്രക്രിയയും സാധ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത ചികിത്സയുള്ള സൗകര്യം ഒരുക്കുന്നത്; | | ജന്മനായുള്ള ഹൃദ്രോഗം അഥവാ സി.എച്ച്.ഡി എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും, ശ്രീ.ചിത്ര ആശുപത്രി വഴിയും പദ്ധതി നടന്നുവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത, ആസ്റ്റർ, ലിസി, ബെലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല എന്നീ ആശുപത്രികളെ ആർ.ബി.എസ്.കെ മാർഗ്ഗനിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്. |
| ഡി) | ഇതിനായുള്ള ഫണ്ട് മറ്റേതെങ്കിലും ഏജൻസി വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഇത്തരത്തിലുള്ള ഉറപ്പൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ